പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1876 **26-10-2026-ൽ മറുപടിയ്ക്ക്**

കിഫ്ബി യിലെ ക്രമക്കേട്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ഡോ. മാത്യു കുഴൽനാടൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കിഫ്ബിയിൽ കേഡർ, ഡെപ്യൂട്ടേഷൻ, വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലി ചെയ്തിരുന്നവർക്ക് പ്രതിമാസം 20,000 രൂപ വരെ പ്രോജക്ട് അലവൻസ് എന്ന പേരിൽ നൽകിയിരുന്നോ; വ്യക്തമാക്കുമോ;

മറുപടി: കിഫ്ബിയുടെ 18.11.2024 ലെ 51 മത് ബോർഡ് യോഗം കിഫ്ബിയിൽ കേഡർ, ഡെപ്യൂട്ടേഷൻ, വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലി ചെയ്തിരുന്നവർക്ക് പ്രതിമാസം 12000 മുതൽ 20000 രൂപവരെ പ്രോജക്ട് അലവൻസ് നൽകുവാൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 05-12-2024 ലെ സ.ഉ.(സാധാ)നം.9001/2024/ധന ഉത്തരവ് പ്രകാരം പ്രോജക്ട് അലവൻസ് നൽകിവരുന്നു.

(ബി) സർക്കാർ ജീവനക്കാർ മറ്റു സ്ഥാപനങ്ങളിൽ ജോലി ചെയ്യുകയോ പ്രതിഫലം വാങ്ങുകയോ ചെയ്യരുതെന്ന ചട്ടമുള്ളപ്പോൾ കിഫ്ബിയുടെ കൺസൾട്ടൻസി സ്ഥാപനമായ കിഫ്കോൺ-നെ സഹായിക്കുന്ന സർക്കാർ ജീവനക്കാർക്ക് പ്രതിമാസം 20,000 രൂപ നൽകിയിരുന്നോ; വിശദമാക്കുമോ;

മറുപടി: കിഫ്ബിയിലെ ഔദ്യോഗിക സമയത്തിനുപുറമെ അധികസമയം കിഫ്കോണിന്റെ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക്, സർക്കാർ സർവീസിലുള്ള ജീവനക്കാർ ഉൾപ്പെടെ, അവർ അധികമായി പ്രവർത്തിക്കുന്ന സമയത്തിന് ആനുപാതികമായി 12.07.2023 ലെ സ.ഉ.(അച്ചടി)70/2023/ധന ഉത്തരവ് പ്രകാരം (Man Hour basis) അലവൻസ് അനുവദിച്ചുവരുന്നു.

(സി) മുൻ സർക്കാരിന്റെ കാലത്ത് കിഫ്ബിയുടെ മറവിൽ ധൂർത്തും ക്രമക്കേടും നടന്നിരുന്നു എന്ന ആക്ഷേപത്തെക്കുറിച്ച് അന്വേഷിക്കുമോ; വ്യക്തമാക്കുമോ?

മറുപടി: കഴിഞ്ഞ പത്ത് വർഷത്തെ കിഫ്ബിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് കൂടിയായി ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തി. സമിതി കഴിഞ്ഞ മൂന്നുമാസംകൊണ്ട്

കിഫ്ബിയുടെ പ്രവർത്തനങ്ങൾ പഠിക്കുകയും ബഹു. നിയമസഭക്ക് മുൻപാകെ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്മേൽ സർക്കാർ നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ